# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP 5/1072

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/08/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP 5/1072 തീയ്യതി: 26/08/2021

## തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 23-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 23-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിശ്വലത വി.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയലക്ഷ്മി ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർരാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത് സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഷാമിലാബീഗം. എസ്. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| 1. ശ്രീമതി ജയന്തി. എസ്. | സെക്രട്ടറി | 01-04-2019 | 16-10-2019 |
| 2. ശ്രീ. സുധീരൻ. എം.എസ്. | സെക്രട്ടറി | 17-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| 1. ശ്രീ. ശ്യമപ്രസാദ്. എസ്.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 13-08-2019 |
| 2.ശ്രീമതി. പി.എസ്. ലിമ | അസിസ്റ്റന്റ് സെക്രട്ടറി | 14-08-2019 | 31-03-2020 |
| 1. ശ്രീ. കെ.വി. സന്തോഷ്കുമാർ | അസി.എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| 2. ശ്രീമതി രാമസുധ | അസി.എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ശ്രീ. രാജീവ്. സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ. എൽ. സോഫിയ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ജയ് ഡേവിഡ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ശശി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 15-04-2019 |
| ഡോ. രാധിക | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 16-04-2019 | 31-03-2020 |
| ശ്രീമതി ശ്രീലത. ബി. | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| 1. ശ്രീ. ഗൗരീശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 16-06-2019 |
| 2. ശ്രീ. ബിനു ഡാർവിൻ. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-06-2019 | 31-03-2020 |
| ശ്രീമതി സൗമ്യ | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ചന്ദ്രലേഖ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| 1. ശ്രീമതി ഉഷകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| 2. ശ്രീമതി. അനിതകുമാരി. എൽ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2019 | 29-11-2019 |
| 3. ശ്രീമതി. ലേഖ. വി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: K Sreeja (Deputy Director, On 26-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-4 |
| 5 | രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-5 |
| 6 | ശമ്പള പരിഷ്ക്കരണങ്ങൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്..<br>Written By: P. Sreedevi (Audit Officer, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-07-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Viswalatha V.L (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-7 |
| 8 | കറവ പശു വിതരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Zeena K (Senior Grade Auditor, On 24-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-08-2021) | 1-8 |
| 9 | എസ്. എൽ. ഐ പ്രീമിയം ഈടാക്കിയതിൽ കുറവ്<br>Written By: P. Sreedevi (Audit Officer, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-9 |
| 10 | പൊതു ടാപ്പുകളുടെ പരിപാലനം<br>Written By: P. Sreedevi (Audit Officer, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-10 |
| 11 | യു.പി വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം - നടപടി ക്രമങ്ങളിൽ അപാകത.<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-08-2021) | 1-11 |
| 12 | ലൈഫ് ഭവനപദ്ധതി - അപാകങ്ങൾ<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-12 |
| 13 | ഒ.ഡി.എഫ്.പ്ളസ് ടോയ്‌ലറ്റ്-ഗുണഭോക്തൃ പട്ടികയിൽ അപാകം<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: K Sreeja (Deputy Director, On 26-08-2021) | 1-13 |
| 14 | എസ്.എസ്.എ).വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.--600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-14 |
| 15 | പോസ്റ്റ്മാറ്റി സ്ഥാപിക്കൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-07-2021) | 1-15 |
| 16 | തെരുവുവിളക്ക് പരിപാലനം പദ്ധതി.<br>Written By: P. Sreedevi (Audit Officer, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-08-2021) | 1-16 |
| 17 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: Viswalatha V.L (Senior Grade Auditor, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-17 |
| 18 | ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ, രസീത്, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ.<br>Written By: Viswalatha V.L (Senior Grade Auditor, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-18 |

| | | |
|---|---|---|
| 19 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ രേഖകൾ ഹാജരാക്കിയില്ല 7,22,500/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Viswalatha V.L (Senior Grade Auditor, On 05-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-19 |
| 20 | മാലിന്യ നിർമ്മാർജ്ജനം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Viswalatha V.L (Senior Grade Auditor, On 25-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-08-2021) | 1-20 |
| 21 | ടെണ്ടർകുറവ് ഈടാക്കാതെ കരാറുകാരന് തുക നൽകി- 29052/- രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-07-2021) | 1-21 |
| 22 | മരാമത്ത് പ്രവൃത്തികൾ- അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-08-2021) | 1-22 |
| 23 | മരാമത്ത് പ്രവൃത്തി കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-23 |
| 24 | സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-24 |
| 25 | ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-26 |
| 27 | ഒഴിവാക്കലിൻ്റെ പരിധിയിൽ വരാത്ത കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1 -27 |
| 28 | വാടക ഒടുക്കിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-28 |
| 29 | ക്യാഷ് ബാലൻസ്<br>Written By: Anwar Raj.M (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 1-29 |
| 30 | ആട് വളർത്തൽ പദ്ധതി (വനിതകൾ) – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 27-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർകുറവ് ഈടാക്കാതെ കരാറുകാരന് തുക നൽകി- 29052/- രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സാമ്പത്തിക നില<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 28-07-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Zeena K (Senior Grade Auditor, On 23-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-08-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

08.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 44,29,96,799.15/-രൂപയും പ്രതീക്ഷിത ചെലവ് 43,88,00,464/-രൂപയുമാണ്. ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1-1-1 ബജറ്റിലെ തുകയും യഥാർത്ഥ തുകയും തമ്മിൽ അന്തരം

2018-19 സാമ്പത്തിക വർഷത്തെ വരവും ചെലവും ഉൾക്കൊണ്ടുള്ള ബജറ്റല്ല തയ്യാറാക്കിയിരിക്കുന്നത്

| ഇനം | 2018-19 (AFS പ്രകാരം) | 2019-20 (AFS പ്രകാരം) | 2019-20 ബജറ്റ് പ്രകാരം |
|---|---|---|---|
| വരവ് | 11,44,79,132/- | 18,44,33,070/- | 38,45,26,190/- |
| ചെലവ് | 12,11,65,785/- | 16,36,12,266/- | 43,88,00,464/- |

വരവും ചെലവും ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു. കേരള പഞ്ചായത്ത്‌രാജ് നിയമം 214(3) പ്രകാരം മുൻവർഷത്തെ യഥാർത്ഥ വരവിന്റെ അടിസ്ഥാനത്തിൽ ബജറ്റ് രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-1-2 ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു- നടപടിക്രമം പാലിക്കുന്നതിൽ ജാഗ്രതക്കുറവ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ വകയിരുത്താത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പരിഷ്കരിച്ച ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

A)ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് ചെയ്തിരിക്കുന്നതിന്റെ വിശദാംശങ്ങൾ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്കരിച്ച) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501039 | മൃഗസംരക്ഷണം-പാശ്ചാത്തല സൗകര്യങ്ങൾ | -- | 6,00,000/- |
| 2 | 2501041 | മൃഗസംരക്ഷണം-അനുബന്ധ സൗകര്യങ്ങൾ | -- | 175800/- |
| 3 | 2505003 | സൗരോർജ്ജ പദ്ധതികൾ | -- | 172500/- |
| 4 | 2503015 | സേവന സംരംഭങ്ങൾ | -- | 30000/- |

B) വകയിരുത്തിയതിൽ കൂടുതൽ ചെലവു ചെയ്യുകയും എന്നാൽ പ്രസ്തുത ചെലവിന് അംഗീകാരം ലഭിക്കാത്തതിന്റെ വിശദാംശങ്ങൾ

ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയെതിനെക്കാളും തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക (പരിഷ്കരിച്ച) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501002 | കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 300000/- | 320990/- |
| 2 | 2501046 | ക്ഷീര വികസനം-സംഭരണവും വിപണനവും | 500000/- | 778403/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 നുള്ള മറുപടിയിൽ കോവിഡിന്റെ ആരംഭഘട്ടത്തിൽ കമ്മിറ്റികൾ കൂടുവാൻ കഴിയാത്തതിനാലാണ് ബജറ്റ് റിവൈസ് ചെയ്യുവാൻ കഴിയാത്തതെന്ന അറിയിച്ചിരിക്കുന്നു.

ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ നിയമം, ചട്ടം എന്നിവ അനുവദിക്കും വിധം അടുത്ത കമ്മിറ്റിയിൽ അംഗീകരിക്കുവാനും ആയത് ഭാവിയിൽ തുടരാതിരിക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-1-3 വരവിനങ്ങളുടെ പ്രതീക്ഷിത വരവ് – മുൻവർഷത്തെ വരവുകൾ കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവിനങ്ങൾ മുൻവർഷത്തേ അപേക്ഷിച്ച് കൂടുതലായി കാണിച്ചിരിക്കുന്നു. തൻവർഷ ഡിമാന്റായി കാണിച്ചിരിക്കുന്നതിനേക്കാളും കൂടുതലാണ് താഴെപ്പറയുന്ന ഇനങ്ങളുടെ പ്രതീക്ഷിത വരവ്.

| ക്രമ നം | ഇനം | 2018-19 RP പ്രകാരമുള്ള വരവ് (അരിയർ ഉൾപ്പെടെ) | 2019-20 l പ്രകാരമുള്ള ഡിമാന്റ് | 2019-20 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് |
|---|---|---|---|---|
| 1 | Property Tax | 36,48,175/- | 30,23,717/- | 37,00,000/- |
| 2 | Profession Tax | 19,83,830/- | 18,70,060/- | 25,00,000/- |
| 3 | Rent From Buildings | 25,945/- | 7,52,190/- | 35,000/- |
| 4 | Rent From Auditorium & Hall | 24,750/- | 29,000/- | 40,000/- |
| 5 | Other Rents | 5750/- | 250/- | 1000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 നുള്ള മറുപടിയിൽ കോവിഡ്- 19 കാരണം അധിക വിഭവസമാഹരണത്തിനു ഗ്രാമപഞ്ചായത്തിനു സാധിക്കാത്തതിനാലാണ് ഇപ്രകാരം സംഭിച്ചതെന്നു അറിയിച്ചിരിക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിൽ മുൻ വർഷത്തെ കണക്കുകൾ അടിസ്ഥാനമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-1-4 <u>ബജറ്റ് വിഹിതം വകയിരുത്തുന്നതിൽ അപാകത</u>

തുടർച്ചയായി മൂന്നു വർഷങ്ങളിൽ ചെലവ് തുക വകയിരുത്തുമെങ്കിലും ആയതിനു യാതൊരു ചെലവും ഉണ്ടാകുന്നില്ല.2018-19,2019-20,2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2018-19 ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2019-20 ബജറ്റ്പ്രകാരം വകയിരുത്തിയ തുക | 2020-21 ബജറ്റ്പ്രകാരം വകയിരുത്തിയ തുക |
|---|---|---|---|---|---|
| 1 | 2501010 | Agrculture And Related Sectors-Areacanut | 10000 | 100000 | 50000 |
| 2 | 2501012 | Agrculture And Related Sectors-Plantain | 100000 | 772500 | 225000 |
| 3 | 2501015 | Agrculture And Related Sectors-Medicinal Herbs | 300000 | 300000 | 300000 |
| 4 | 2501025 | Agrculture And Related Sectors-Vegetables | 100000 | 500000 | 175000 |
| 5 | 2501049 | Fresh Water - Pisciculture | 10000 | 50000 | 300000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14 നുള്ള മറുപടിയിൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വകയിരുത്തലുകൾ ഉൾപ്പെടുത്തുന്നതെന്നു അറിയിച്ചിരിക്കുന്നു.

ഭാവിയിൽ വകയിരുത്തലുകൾ നടത്തുമ്പോൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-1-5 പരിഷ്കരിച്ച ബജറ്റ് സമയക്രമം പാലിച്ചില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.

എന്നാൽ അത്തരത്തിലല്ല പഞ്ചായത്തിന്റെ ബജറ്റുകൾ പരിഷ്കരിച്ചിരിക്കുന്നത്. 2018-19 ലെ പരിഷ്കരിച്ച ബജറ്റ് പുതുക്കി തയ്യാറാക്കിയിരിക്കുന്നത് 2019-20 ലും 2019-20 ലേതു 2020-21 ലുമായാണ്.

കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 214(5) വകുപ്പ് പ്രകാരം പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ല. എല്ലാ സാമ്പത്തിക വർഷത്തിലെയും ബജറ്റ് അംഗീകരിക്കുന്നതിനോടൊപ്പമാണ് മുൻ വർഷത്തെ ബജറ്റ് പരിഷ്കരിക്കുന്നത്.

പഞ്ചായത്ത് രാജ് ആക്ടിലെ നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 14.05.2020 | -- | -- |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Balance Sheet B5 പ്രകാരം അടവാക്കുവാൻ ബാക്കിയുള്ള ലോണിന്റെ തുക 5,46,38,242/-രൂപയും എന്നാൽ B 16 പ്രകാരം 5,44,58,235/- രൂപയുമാണ്. 1,80,007/-രൂപയുടെ വ്യത്യാസം. 7/-രൂപ തിരികെ അടച്ചിട്ടുണ്ട്. 1,80,000/-രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പോകാതെ നിർവഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു. പ്രസതുത തുക 2020-21 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ കൈമാറിയതായി (ഓഡിറ്റ് എൻക്വയറി നം 3) മറുപടി ഹാജരാക്കിയിരിക്കുന്നു.

2.ഡെപ്പോസിറ്റ് വർക്കുകൾക്കായി KWA &KSEBഎന്നിവയ്ക്ക് യഥാക്രമം AFS പ്രകാരം 1,85,600/- രൂപയും 2,82,068/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവു പത്രികയിൽ പ്രസതുത ചെലവ് വന്നായി കാണുന്നില്ല.

3.ICDS സൂപ്പർവൈസറുടെ പ്രോജക്ട് (നം 16/2019 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കലാകായിക മത്സരം)ചെലവ് വന്ന തുകയായ 70050/-രൂപ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ജില്ലാ പഞ്ചായത്ത് വിഹിതമുപയോഗിച്ച് ചെലവ് ചെയ്ത ഹരിതകർമ്മ സേന എന്ന പദ്ധതിയ്ക്ക് 4,20,000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്.എന്നാൽ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പടുത്തിയിട്ടില്ല.

5.സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി (നം 326/പോസ്റ്റ് മാറ്റൽ)യുടെ ആകെ ചെലവ് 129307/-രൂപയാണ്.എന്നാൽ ചെലവ് പത്രികയിൽ 101094/-രൂപയുടെ ചെലവ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളു.

6.വസ്തു നികുതി-വാർഷിക ധനകാര്യപത്രികയിലെ തുകയും സഞ്ചയയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഇനത്തിൽ ലഭിച്ച തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം-<br>വസ്തു നികുതി | വാർഷിക ധനകാര്യപത്രികയിലെ തുക | സഞ്ചയയിലെ തുക |
|---|---|---|
| Demand (Current ) | 3023717 (I-1) | 3173690 |
| Collection (Arrear) | 595615 (RP-42) | 646857 |
| Collection (Current ) | 2431012 (RP-42) | 2550469 |
| Balance (Arrear) | 657560.50 (B-15) | 621550 |
| Balance(Current) | 622339 (B-15) | 538791(B-15) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32 നുള്ള മറുപടിയിൽ മേൽ അപാകതകൾ സാംഖ്യയിലെയും സഞ്ചയിലെയും സാങ്കേതിക പ്രശ്നമെന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15664461 | 15664461 | 15662369 | 2092 |
| വികസന ഫണ്ട് (SCP) | 0 | 6622000 | 6622000 | 3779466 | 2842534 |
| വികസന ഫണ്ട് (TSP) | 0 | 1558941 | 1558941 | 1040833 | 518108 |
| CFC | 0 | 17678358 | 17678358 | 7081608 | 10596750 |
| മെ.ഫണ്ട് (റോഡ്) | 0 | 15408000 | 15408000 | 6234988 | 9173012 |
| മെ.ഫണ്ട് (റോഡ്) | 0 | 6570000 | 6570000 | 2716195 | 3853805 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | |
| MNREGS | 133691 | 1942824 | 2076515 | 2012510 | 64005 |
| ICDS | 0 | 1237975 | 1237975 | 695625 | 542350 |
| ശുചിത്വ മിഷൻ | 3459749 | 324000 | 3783749 | 506725 | 3277024 |
| മറ്റുള്ളവ | 1201534 | 51316822 | 52518356 | 30647455 | 21870901 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | |
| ആശ്രയ | 27970 | 1327166 | 1355136 | 1342606 | 12530 |
| ലൈഫ് ഭവനം (സംസ്ഥാന വിഹിതം) | 0 | 23100000 | 23100000 | 14060000 | 9040000 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |

വാർഷിക ധനകാര്യപത്രിക,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവ തമ്മിലുള്ള വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-3-1 വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവയുടെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | AFS | 15662369 | 15662369 | 0 |
| | ACR | 15664461 | 15662369 | 2092 |
| | Grant Statement | 15664461 | 23122475 | -7458014 |
| വികസന ഫണ്ട് (എസ്.സി.പി) | AFS | 3779466 | 3779466 | 0 |
| | ACR | 6622000 | 3779466 | 2842534 |
| | Grant Statement | 6622000 | 4279466 | 2342534 |
| വികസന ഫണ്ട് (റ്റി.എസ്.പി) | AFS | 1040833 | 1040833 | 0 |
| | ACR | 1558941 | 1040833 | 518108 |
| | Grant Statement | 1558941 | 1187892 | 371049 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | AFS | 6234988 | 6234988 | 0 |
| | ACR | 15408000 | 6234988 | 9173012 |
| | Grant Statement | 15408000 | 6234988 | 9173012 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | AFS | 2716195 | 2716195 | 0 |
| | ACR | 6570000 | 2716195 | 3853805 |
| | Grant Statement | 6570000 | 2716195 | 3853805 |

1-3-2. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരവും പൊരുത്തപ്പെടുന്നില്ല.

| ഐ.സി.ഡി.എസ് | | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| | AFS | 1237975 | 695625 | 542350 |

| | | | | |
|---|---|---|---|---|
| | Grant Statement | 8137986 | 2335703 | 5802283 |

1-3-3. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവില്ലാതെ ചെലവ് നടത്തിയിരിക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| CSS ഗ്രാന്റ് | 0 | 1022036 | -1022036 |
| SSSഗ്രാന്റ് | 0 | 14060000 | -1406000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2 നുള്ള മറുപടിയിൽ പ്രസ്തുത വ്യത്യസങ്ങൾ സാങ്കേതികമായിട്ടുള്ളതാണെന്നും പഞ്ചായത്ത് തലത്തിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത അപാകതകൾ ഒരു തരത്തിലും ബന്ധപ്പെടുന്നില്ലായെന്നും അറിയിച്ചിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ ആക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 298 | 340684136 | 132 | 113818137 | -- | 166 | 44% |

1-4-1 പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച്ച.

2019-20 സാമ്പത്തിക വർഷത്തിൽ അംഗീകാരം നേടിയ പദ്ധതികളിൽ 50% പോലും ചെലവ് ചെയ്യാത്ത മേഖലകളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകരിച്ച് പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ |
|---|---|---|---|
| അസി.സെക്രട്ടറി | 11 | 3 | 8 |
| കൃഷി ഓഫീസർ | 16 | 4 | 2 |
| അസി.എഞ്ചിനീയർ | 170 | 64 | 106 |
| ഹെഡ് മാസ്ററർ | 5 | 1 | 4 |

പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്തിന്റെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4-2 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ) യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ

പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2019-20 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ 57 എണ്ണം പൂർത്തിയാക്കിയിട്ടില്ല.

## 1-5 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

സ്ഥാപനത്തിൽ ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1. സ്ട്രീറ്റ് ലൈറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

2. മെയിന്റനൻസ് രജിസ്റ്റർ.

ഭാവിയിൽ മേൽ രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണ്.

## 1-6 ശമ്പള പരിഷ്കരണങ്ങൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്..

സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവരുടെ സേവന പുസ്തകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഓരോ ശമ്പള പരിഷ്കരണങ്ങളും നിലവിൽ വരുമ്പോൾ ആയത് അംഗീകരിക്കുവാൻ സേവന പുസ്തകങ്ങൾ വകുപ്പിന്റെ അംഗീകാരത്തിനായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര്/ ഉദ്യോഗപ്പേര് | അഭിപ്രായം |
|---|---|---|
| 1 | ശ്രീ.ജയകുമാർ,അക്കൗണ്ടന്റ് | 2009 ശമ്പള പരിഷ്കരണം വരെ മാത്രമേ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളൂ. |
| 2 | ശ്രീ.അജിത്ത് കുമാർ, ക്ലാർക്ക് | ഒരു ശമ്പള പരിഷ്കരണവും അംഗീകരിച്ചിട്ടില്ല. |
| 3 | ശ്രീ.അബ്ദുൽസലീം, ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ) | 2009 ശമ്പള പരിഷ്കരണം വരെ മാത്രമേ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളൂ. |
| 4 | ശ്രീ.ബിനുകുമാർ, ഓഫീസ് അറ്റൻഡന്റ് | ഒരു ശമ്പള പരിഷ്കരണവും അംഗീകരിച്ചിട്ടില്ല. |
| 5 | ശ്രീ.എ.മുരുകൻ പിള്ള, പാർട്ട് ടൈം ലൈബ്രേറിയൻ | 2009 ശമ്പള പരിഷ്കരണം വരെ മാത്രമേ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളൂ. |
| 6 | ശ്രീ.ജസ്റ്റസ്, പി.റ്റി.എസ് | ഒരു ശമ്പള പരിഷ്കരണവും അംഗീകരിച്ചിട്ടില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21നുള്ള മറുപടിയിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 532800 | 258 |
| കർഷകതൊഴിലാളി പെൻഷൻ | 1951200 | |
| വിധവാപെൻഷൻ | 6475200 | |
| വാർദ്ധക്യകാലപെൻഷൻ | 7923600 | |
| വികലാംഗപെൻഷൻ | 1489200 | |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 256800 | |

## 1-8 കറവ പശു വിതരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2019-20 സാമ്പത്തിക വർഷത്തെ ഡയറി ഫാം ഇൻസ്ട്രക്റ്റർ നടപ്പിലാക്കിയ കറവ പശു വിതരണം എന്ന് പദ്ധതിയുടെ ലക്ഷ്യം ഉൽപാദന വർദ്ധനവ്, സ്വയംപര്യാപ്തത എന്നിവയാണ്. ആയതു കൈവരിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഉരുക്കളെ വാങ്ങുന്നതിനു സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ഫണ്ടിനം | അടങ്കൽ | ചെലവ് | സബ്സിഡി നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 27/19-20 | വികസന ഫണ്ട് (ജനറൽ) | 1100000 | 192500 | 50%(പരമാവധി 27500/-രൂപ) | 7 |
| 28/19-20 | വികസന ഫണ്ട് (ജനറൽ)വനിത | 1100000 | 110000 | 50%(പരമാവധി 27500/-രൂപ) | 4 |
| 50/19-20 | വികസന ഫണ്ട് (റ്റി.എസ്.പി) | 275000 | 275000 | 100% | 5 |
| 335/19-20 | തനതു ഫണ്ട് | 550000 | 220000 | 50%(പരമാവധി 27500/-രൂപ) | 8 |
| 336/19-20 | തനതു ഫണ്ട് (വനിത) | 935000 | 357500 | 50%(പരമാവധി 27500/-രൂപ) | 13 |

ഫയൽ പരിശോധന സമയത്ത് പ്രസ്തുത പദ്ധതികളിലൂടെ ആനുകൂല്യം ലഭിച്ച ഏതാനും ഗുണഭോക്താക്കളെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരം | നിലവിലെ അവസ്ഥ |
|---|---|---|
| 1 | സുധീശൻ, സുജിത്ത്ഭവൻ, ചെഞ്ചേരി, ആര്യനാട് | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |
| 2. | വസന്തകുമാരി, കിഴക്കുംക്കര പുത്തൻ വീട്, കണിയാക്കുഴി, ആര്യനാട്. | പശുവിനെ വിറ്റു |
| 3 | ശ്രീകുമാർ.കെ.വി, കെ.വി.ഭവൻ, ഇരപ്പുപ്പാറ, മീനാങ്കൽ | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |
| 4 | ഹലീമ.എ, എസ്.ഡി മൻസിൽ, മരുതുംമൂട് പറണ്ടോട്. | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല. |
| 5 | ബിന്ദു.എ, സൂര്യഗായത്രി, കാപ്പം, കിഴക്കുംക്കര | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല. |
| 6 | ഷീബ.സി, തുലയത്തുകോണം, മേക്കുംക്കരവീട്, പുനലാൽ | പശുവിനെ വിറ്റു |
| 7 | ശാന്തകുമാരി.റ്റി, രശ്മി ഭവൻ, ഇറവൂർ, ആര്യനാട് | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |
| 8 | കൃഷ്ണകുമാരി, പൗർണ്ണമി, പറണ്ടോട്. | പശുവിനെ വിറ്റു |
| 9 | ഉഷ.പി, ഷിനു ഭവൻ, മഞ്ചിറ, ചൂഴ | പശുവിനെ വിറ്റു |
| 10 | കല, അത്തിയറ തെക്കേവിള, ആര്യനാട് | പശു ചത്തു |

പശുവിനെ വാങ്ങുന്നതിനു മുന്നോടിയായി മേൽ ഗുണഭോക്താക്കൾ പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ ഉരുക്കളെ കുറഞ്ഞത് 3 വർഷം പരിപാലിക്കാമെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അനുവദിച്ച തുക നിശ്ചിത പലിശ സഹിതം തിരിച്ചടച്ചുകൊള്ളാമെന്നും സമ്മതപത്രം നൽകിയിട്ടുണ്ട്. കരാറിനു വിരുദ്ധമായി പ്രവർത്തിച്ചവരിൽ നിന്നും ആനുകൂല്യം നല്കിയ തുക പലിശയുൾപ്പെടെ ഈടാക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികളുടെ വിവരം തിരക്കികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/2021) യ്ക്ക്മറുപടി ഹാജരാക്കിയിട്ടില്ല.

പദ്ധതി പണം കൈപ്പറ്റുകയെന്ന പ്രക്രിയ മാത്രമാണ് നടന്നിരിക്കുന്നതെന്നു വ്യക്തമായിരിക്കുന്നു. നേരിട്ടന്വേഷിച്ച ഒരു ഗുണഭോക്താവ് പോലും പശുവിനെ പരിപാലിക്കുന്നില്ല. ഈ വിഷയത്തിൽ നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു പരാജയപ്പെട്ട സാഹചര്യത്തിൽ പദ്ധതികളുടെ ആനുകൂല്യം

കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും ലിസ്റ്റും നിലവിൽ അവരുടെ പക്കൽ പശുക്കളുണ്ടോ എന്നതും ഇല്ലെങ്കിൽ കാരണവും ആയത് സംബന്ധിച്ച എല്ലാ ആവശ്യമായ തെളിവുകളും ഉൾപ്പെടെ രണ്ടാഴ്ചക്കകം ലഭ്യമാക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം അത്തരം ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഈ വിഷയത്തിലെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 എസ്. എൽ. ഐ പ്രീമിയം ഈടാക്കിയതിൽ കുറവ്

ജി.ഒ (പി)556/2008/ധന/16.12.2008 , ചട്ടം 22എ കെ. എസ്.ആർ. 1 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ ആയത് നാളിതുവരെ പഞ്ചായത്ത് നടപ്പിൽ വരുത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ വൌച്ചർ പരിശോധനയിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം തുക കുറവായാണ് ഒടുക്കിയിരിക്കുന്നത്.

| പേര്/ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|
| ശ്രീ.എസ്.കൃഷ്ണകുമാർ, സെക്രട്ടറി | 28,500/- | 250/- | 300/- |
| ശ്രീ.അജിത്ത് കുമാർ, ക്ലാർക്ക് | 31,500/- | 150/- | 300/- |

## 1-10 പൊതു ടാപ്പുകളുടെ പരിപാലനം

ആര്യനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 241 ടാപ്പുകൾ ഉള്ളതായും, ഓരോന്നിനും 5250/- രൂപ വാട്ടർ ചാർജിനത്തിൽ അടവാക്കുന്നതായും കാണുന്നു. ഇവയുടെ പരിപാലനത്തിനും, വാട്ടർ ചാർജ് അടവാക്കുന്നതിനുമായി തെരുവുവിളക്കുകളുടെ പരിപാലനത്തിന് സമാനമായി പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2019-20 സാമ്പത്തികവർഷം അടവാക്കിയ ആകെ തുക, ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സംയുക്ത പരിശോധന എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.23 തീയതി. 20.07.2021 ) മറുപടിയിൽ ആകെ തുക സംബന്ധിച്ച വിവരം നൽകിയിട്ടില്ല. സംയുക്ത പരിശോധനക്കായി കേരള വാട്ടർ അതോറിറ്റിയുടെ അരുവിക്കര ഓഫീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കി. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-11 യു.പി വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം - നടപടി ക്രമങ്ങളിൽ അപാകത.

| | |
|---|---|
| പദ്ധതി നം | 38/2019 |
| അടങ്കൽ തുക | 10,00,000 |
| ചെലവ് തുക | 9,94,595 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

എല്ലാ കുട്ടികളും എല്ലാ ദിവസവും ഹാജരായതായിട്ടാണ് രേഖകളിൽ കാണിച്ചിട്ടുള്ളത്.പ്രഭാത ഭക്ഷണം പദ്ധതി ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല. പലചരക്കുകടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പലചരക്കുകടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ റദ്ദ് ചെയ്ത് സൂക്ഷിക്കുകയോ ബില്ലുകളിൽ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.07.2021) മറുപടിയായി എട്ട് സ്കൂളുകൾ ഉള്ളതിൽ 7 എണ്ണത്തിലും ഹെഡ്മാസ്റ്ററുടെ ചാർജ്ജ് വഹിക്കുന്നവരാണെന്നും രേഖകൾ ഹാജരാക്കാമെന്നും മറുപടി നൽകുകയുണ്ടായി. ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-12 ലൈഫ് ഭവനപദ്ധതി - അപാകങ്ങൾ

പദ്ധതി നമ്പർ:46/2019

അടങ്കൽ തുക - 50554381

ചെലവ് തുക - 24692711

ബിൽ നമ്പർ –

നിർവ്വഹണം – വി.ഇ.ഒ

ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു വാങ്ങിയതിന് ശേഷം നാളിതുവരെ വീട് പണി പൂർത്തീകരിച്ചിട്ടില്ല. ലൈഫ് ഭവനപദ്ധതിയിൽ 23 ഗുണഭോക്താക്കളിൽ 17 പേർ മാത്രമേ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. ഇതിൽ ശ്രീമതി. ശ്രീലേഖ എന്ന വ്യക്തിക്ക് അനർഹമായി ലൈഫ് പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിച്ചതിനെ തുടർന്ന് തുക തിരിച്ചടയ്ക്കാത്തതിനാൽ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അഞ്ച് പേര് വീട് പണി പൂർത്തിയാക്കിയിട്ടില്ല.

| | ഗുണഭോക്താക്കൾ | ആദ്യ ഗഡു വാങ്ങിയ തിയതി |
|---|---|---|
| 1 | വസന്ത ,റോഡരികത്ത് വീട് | 03.08.2019 |
| 2 | ഹംസ ബീവി.എ, കോളനി വീട് | 30.08.2019 |
| 3 | സിദ്ധിഖ് എ, തടത്തരികത്ത് വീട് | 30.08.2019 |
| 4 | ശശികല ജെ, തടത്തരികത്ത് വീട് | 19.11.2019 |
| 5 | ലീല, തടത്തരികത്ത് വീട് | 19.11.2019 |
| 6 | ശ്രീലേഖ, ലേഖാ ഭവൻ | 31.10.2018 |

ലൈഫ് പദ്ധതിയുടെ വിതരണ രജിസ്റ്ററിൽ പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഫലപ്രാപ്തി നിർവ്വഹണ ഉദ്യോഗസ്ഥനോ സ്റ്റാന്റിംഗ് കമ്മിറ്റിയോ മോണിറ്ററിംഗ് നടത്തി അപാകതകൾ കണ്ടെത്തി അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ഒ.ഡി.എഫ്.പ്ളസ് ടോയ്ലെറ്റ്-ഗുണഭോക്തൃ പട്ടികയിൽ അപാകം

പദ്ധതിയുടെ നമ്പർ- 330/2019

പദ്ധതിയുടെ പേര് - ഒ.ഡി.എഫ്.പ്ളസ് ടോയ്ലെറ്റ്

അടങ്കൽ തുക - 4,77,400/-

ചെലവ് തുക - 1,38,000/-

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗുണഭോക്താവായ ശ്രീ. മാഹീൻ എന്ന വ്യക്തി പദ്ധതിയിൽ നിന്നും തുക കൈപ്പറ്റിയെങ്കിലും ഇതുവരെ ഒ.ഡി.എഫ്.പ്ലസ് കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾ പദ്ധതി വഴി ലഭിക്കുന്ന തുക ദുരുപയോഗം ചെയ്യുകയില്ലെന്നുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഗ്രാമസഭ അംഗീകരിച്ച പട്ടികയിൽ വി.ഇ.ഒ അർഹരാണെന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾ ആരും തന്നെ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/2021, 23.07.2021) മറുപടിയായി വരുന്ന ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി ഫലപ്രാപ്തി നേടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 എസ്.എസ്.എ.വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.--600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 1/19-20. |
| പ്രോജക്ടിന്റെ പേര്. | എസ്.എസ്.എ വിഹിതം നൽകൽ. |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി. |
| അടങ്കൽ | 600000(വികസനഫണ്ട്.) |
| ചെലവ് | 600000.(വികസനഫണ്ട്.) |
| ബിൽ നം. /തീയതി. | 11/19-20/19.07.19. |

നെടുമങ്ങാട് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 20.05.2019 ലെ പ്രപ്പോസൽ പ്രകാരം 2019-20 സാമ്പത്തികവർഷത്തെ എസ്.എസ്.എ വിഹിതം ഇനത്തിൽ 600000 രൂപ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 0819101103660 എന്ന അക്കൌണ്ട് നമ്പറിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി.24/22.07.21

ന മറുപടി നൽകിയിട്ടുണ്ട്. വിശദമായ വിനിയോഗസാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 600000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. സ.ഉ.(കൈ) നം. 11/2018/ ത.സ്വ.ഭ.വ 29.01.18 നം.പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.എസ്.എ പദ്ധതികൾ വഴി അടവാക്കുന്ന തുക പൂർണ്ണമായും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത തുക ഉപയോഗിച്ച് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും മോണിട്ടറിംഗ് കൃത്യമായി നടത്തേണ്ടതാണ്.

## <u>1-15 പോസ്റ്റ്മാറ്റി സ്ഥാപിക്കൽ തുക തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്റ്റ് നം - 326/2019-20

പ്രോജക്ടിന്റെ പേര് - പോസ്റ്റ് മാറ്റിസ്ഥാപിക്കൽ

അടങ്കൽ - 200000 (തനത് ഫണ്ട്)

ചെലവ് - 129307

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 80,000

ചെക്ക് നം., തുക – 01/151892/15.02.2020, 24901/-

02/270425/28.02.2020, 28213/-

03/726544/20.03.2020, 76193/- (7833+68360)

ഓഡിറ്റ് എൻക്വയറികൾ - 1. 26/22.07.2021 2. 31/23.07.2021

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ആര്യനാട് ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ റോഡു നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEB-യ്ക്ക് ഡെപ്പോസിറ്റ് വർക്കായി നൽകിയിരിക്കുന്ന പ്രോജക്ടാണിത്. KSEB-യിൽ നിന്നും കത്തു പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റുകൾ അനുസരിച്ച് പള്ളിവേട്ട വാർഡ്, ലൂഥർഗിരി, വലിയവിള റോഡ്, മീനാങ്കൽ, പുറുത്തിപ്പാറ വാർഡ് എന്നീ പ്രദേശങ്ങളിലെ പദ്ധതി നടത്തിപ്പിനായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

1. പൂവ്വച്ചൽ KSEB ഇലക്ട്രിക്കൽ സെക്ഷൻ - 24901

2. ആര്യനാട് KSEB ഇലക്ട്രിക്കൽ സെക്ഷൻ - 28213

3. തൊളിക്കോട് KSEB ഇലക്ട്രിക്കൽ സെക്ഷൻ - 7833

4. തൊളിക്കോട് KSEB ഇലക്ട്രിക്കൽ സെക്ഷൻ <u>- 7833</u>

ആകെ - 129307/-

കൂടാതെ തൊളിക്കോട് സെക്ഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 80,000/- രൂപയും ലഭ്യമാക്കി. മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

സ.ഉ(എം.എസ്) നം.72/2017, തസ്വഭവ തീയതി 29.03.2017, ഖ 8.3(17) പ്രകാരം ഒരു നിക്ഷേപ പ്രവൃത്തിക്ക് KWA, KSEB, ഭൂജല വകുപ്പ് എന്നീ വകുപ്പുകൾക്ക് മുൻകൂർ തുക നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. സർക്കുലർ DA.1/881/2018, തസ്വഭവ തീയതി 28.12.2018 പ്രകാരം കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം മേൽ സ്ഥാപനങ്ങളിൽ തുടർ നിക്ഷേപം നടത്തേണ്ടത്. കൂടാതെ പ്രോജക്റ്റ് നിർവ്വഹണവും തുകയുടെ വിനിയോഗവും തദ്ദേശസ്വയംഭരണ സ്ഥാപനം മോണിട്ടർ ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചതിനു ശേഷം മാത്രമാണ് തുക മുൻകൂർ നൽകാവുന്നത്.

പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് KSEB-യുമായി കരാർ ചമച്ചിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ പത്രം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

ചെലവു തുകയുടെ വിശദമായ വിനിയോഗ രേഖകൾ, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ടി പദ്ധതി രൂപീകരണത്തിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

2019-20 സാമ്പത്തിക വർഷത്തെ ചെലവ് പത്രിക പ്രകാരം പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും ആകെ 1,01,094/- രൂപയുടെ ചെലവാണ് നടന്നിട്ടുള്ളത്. എന്നാൽ പദ്ധതി രേഖകൾ, ബിൽ രജിസ്റ്റർ എന്നിവ പ്രകാരം തനത് ഫണ്ടിൽ നിന്നും ആകെ 1,29,307/- രൂപ ചെലവായിട്ടുണ്ട്. അതിന് വിശദീകരണം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സോഫ്റ്റ്വെയർ തകരാർ കാരണമായിരിക്കാം ഇങ്ങിനെ സംഭവിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രോജക്റ്റ് രേഖകൾ പ്രകാരം ഈ പദ്ധതി നടത്തിപ്പിനായി ആകെ അടങ്കൽ തുക വച്ചിരുന്നത് തനത് ഫണ്ടിൽ നിന്നുള്ള 2,00,000/- രൂപ മാത്രമാണ്. എന്നാൽ തൊളിക്കോട് ഇലക്ട്രിക്കൽ സെക്ഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 80,000/- രൂപ നൽകിയിട്ടുണ്ട്. അതായത് പദ്ധതി നടത്തിപ്പിനായി അടങ്കൽ തുകയേക്കാൾ 9,307/- രൂപ അധികം ചെലവ് വന്നിട്ടുണ്ട്.എന്നാൽ പ്രോജക്റ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഇപ്രകാരമുള്ള അപാകതകൾ പദ്ധതി രൂപീകരണത്തിൽ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതിയുടെ ചെലവു തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതു വരെ തനതു ഫണ്ടിൽ 1,29,307/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവുവിളക്ക് പരിപാലനം പദ്ധതി.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്കു പരിപാലനത്തിനായി മൂന്നു പദ്ധതികൾ സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | പദ്ധതികളുടെ നമ്പർ | അടങ്കൽ (സി.എഫ്.സി ഫണ്ട്.) | ചെലവ്. (രൂപ) | ബിൽനം./ തീയതി. |
|---|---|---|---|---|
| 1. | 56/19-20. (1,2,3,16,17,18 വാർഡുകളിൽ) | 400000 | 150000. | 31/25.02.20 |
| 2. | 57/9-20. (4,14,15, 13,10,7വാർഡുകളിൽ) | 400000 | 150000. | 32/25.02.20 |
| 3. | 58/9-20. | 400000 | 150000. | 32/25.02.20 |

| | | | |
|---|---|---|---|
| | (5,6,8,9,11,12വാർഡുകളിൽ) | | |

ഓഡിറ്റ് എൻക്വയറികൾ -- 1. 20/ 19.07.21 2. 35 /23.07.21

പദ്ധതികളുടെ നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് , KSEB ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നില്ല. ആയതിനാൽ തെരുവുവിളക്കുകളുടേയും ഇലക്ട്രിക് പോസ്റ്റുകളുടെയും കൃത്യമായ വിവരങ്ങൾ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

മേൽ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് കെ.എസ്.ഇ.ബി യുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ, തെരുവു വിളക്കുകളുടെ സ്റ്റോക്ക് ഇൻ രജിസ്റ്റർ, സ്റ്റോക്ക് ഔട്ട് രജിസ്റ്റർ, പ്രവൃത്തി നടന്ന വാർഡിന്റെ പേര്, പോസ്റ്റ് നമ്പർ, മാറ്റി സ്ഥാപിച്ച ഉപകരണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ കരാറുകാരൻ തയ്യാറാക്കിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രകാരം വാങ്ങി ഉപയോഗിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ സ്റ്റോക്ക്-വിതരണ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടി വിഷയങ്ങളിൻമേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത രേഖകൾ / രജിസ്റ്ററുകൾ പിന്നീട് ഹാജരാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ/ രജിസ്റ്ററുകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-17 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം ആര്യനാട് ഗ്രാമ പഞ്ചായത്തിൽ കൃഷി മേഖലയിൽ 16 പദ്ധതികൾ വിഭാവനം ചെയ്തിരുന്നെങ്കിലും, ആകെ 4 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. കൂടാതെ ആകെ അടങ്കൽ തുകയുടെ 10% മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പദ്ധതികളിലൊന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് നൽകിയ ശുപാർശകൾ ഒന്നിലും കൃഷിഓഫീസറുടെ ശുപാർശ (ഉത്തരവ്) ചേർത്തിട്ടില്ല.

## 1-18 ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ, രസീത്, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ.

1) രജിസ്റ്ററിലെ (ക്രമ നം 100 വരെയുള്ളത്) തുകയും രസീതിലെ തുകയും വ്യത്യാസം

| രജിസ്റ്ററിലെ ക്രമ നം | രജിസ്റ്ററിലെ തുക | രസീതിലെ തുക |
|---|---|---|
| 1 | 3912/- | 2912/- |
| 14,15 | രസീതിലെ തുകയും, രജിസ്റ്ററിലെ തുകയും വ്യത്യസ്തമാണ്. എന്നാൽ രസീത് നംമ്പറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വ്യത്യാസം കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. | |

| | | |
|---|---|---|
| | | |
| 33 | 2212 | 1212/- |
| 93 | 1812/- | 812/- |

2) 31.10.2017-ലെ പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ലൈസൻസിനായി ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ തുക 500/- രൂപയാണ്. മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക നിശ്ചയിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ നിന്നും 500/- രൂപയിലും കുറഞ്ഞ തുക ഫീസായി ഈടാക്കി 184 (ആകെ 275 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്) സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. ഫീസുകൾ കൃത്യമായി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**1-19 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ രേഖകൾ ഹാജരാക്കിയില്ല 7,22,500/-രൂപ തടസ്സപ്പെടുത്തുന്നു.**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ 7,22,500/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തടസ്സപ്പെടുത്തുന്ന തുക ബ്രാക്കറ്റിൽ.

| ക്രമ നം | പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക | അപാകത |
|---|---|---|---|---|---|
| 1 | 162/20 | കിണർ മെയിന്റനൻസ് | 30,000/- | 30,000/- | രേഖകൾ ഹാജരാക്കിയിട്ടില്ല |
| 2 | 173/20 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | 60,000/- | 60,000/- | രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3 | 175/20 | ഭവനപുനരുദ്ധാരണം | 5,57,500/- | 95,000/- | രേഖകൾ ഹാജരാക്കിയിട്ടില്ല |
| 4 | 65/20 | വീട്മെയിന്റനൻസ്(എസ്,റ്റി) | 3,00,000/- | 2,00,000/- | രേഖകൾ ഹാജരാക്കിയിട്ടില്ല |
| 5 | 64/20 | വീട്മെയിന്റനൻസ് (എസ്,സി, പി) | 15,00,000/- | 10,87,500/- | 9,75,000/- രൂപയുടെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ |
| 6 | 66/20 | വീട് മെയിന്റനൻസ് | 39,00,000/- | 4,25,000/- | 4,25,000/- രൂപയുടെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ |

രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ 7,22,500/- രൂപ (30,000+60,000+95,000+ 2,00,000+1,12,500+2,25,000) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

പദ്ധതികളോടൊപ്പം ലഭ്യമാക്കിയ രേഖകളിൽ അപേക്ഷ, കരാർ പത്രിക എന്നിവ പൂരിപ്പിച്ചിട്ടില്ല. ആയതിനാൽ പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി, മറ്റ് വിശദാംശങ്ങളും പരിശോധിക്കാൻ സാധിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ നിർദ്ദേശ പ്രകാരം പദ്ധതി രൂപീകരണ ശേഷം മോണിറ്ററിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ പദ്ധതികളിൽ ഒന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## 1-20 മാലിന്യ നിർമ്മാർജ്ജനം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്. പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹരിത കർമ്മ സേന, പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത്, ബയോഗ്യാസ് പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിരുന്നെങ്കിലും, പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത്, ബയോഗ്യാസ് പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടില്ല. ഹരിത കർമ്മ സേനക്കായി കോട്ട്, തൊപ്പി, ഗ്ലൌസ്, തിരിച്ചറിയൽ കാർഡ്, തുണി സഞ്ചി എന്നിവ നൽകുന്നതിനായി 44,100/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മെറ്റീരിയൽ ഫെസിലിറ്റി കളക്ഷൻ സെന്റർ (MCF) പൂർത്തിയാക്കാത്തതിനാൽ ഹരിത കർമ്മ സേനയ്ക്ക് പ്ലാസ്റ്റിക് ശേഖരിച്ച് കളക്ഷൻ സെന്ററിൽ എത്തിക്കുന്നതിനും വാതിൽപ്പടി ശേഖരണം നടത്തുന്നതിനും സാധിച്ചിട്ടില്ലന്ന് മാലിന്യനിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 19.10.2021 (നം 16) നുള്ള മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2021 ആഗസ്റ്റ് 1 മുതൽ താല്കാലിക MCF സജ്ജീതരിച്ച് പ്രവർത്തനം ആരംഭിക്കുമെന്നും മറുപടി ലഭ്യമാക്കി. ഹരിത കർമ്മസേനക്കായി വാങ്ങിയ സാധന സാമഗ്രികൾ ഉപയോഗിക്കപ്പെടാതെ നശിക്കാനുള്ള സാഹചര്യം ഉണ്ടാകാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. അനിവാര്യ ചുമതലകൾ കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-21 ടെണ്ടർകുറവ് ഈടാക്കാതെ കരാറുകാരന് തുക നൽകി- 29052/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

കുഴിവിള റോഡ്കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്ക് 16.1% Below നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർകുറവ് ഈടാക്കാതെ തുക നൽകിയതിനാൽ 29052/-രൂപയുടെ അധിക ചെലവുണ്ടായിരിക്കുന്നു. വിശദാംശം ഖ.3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-22 മരാമത്ത് പ്രവൃത്തികൾ- അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എം-ബുക്ക് പരിശോധിച്ചതിൽ അധികം തുക കരാറുകാർക്ക് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

I) ബൌണ്ടർമുക്ക്- മൂന്നാറ്റ്മുക്ക് റോഡ് റീടാറിംഗ്- 3227/- രൂപ അധികം നൽകി

പ്രോജക്ട് നം. - 168/20(ബൌണ്ടർമുക്ക്- മൂന്നാറ്റ്മുക്ക് റോഡ് റീടാറിംഗ്)

അടങ്കൽ - 6,00,000/- (ബിൽ നം.- 10/03.05.19)

എം-ബുക്ക് നം. - 338/18-19

കരാറുകാരൻ - ശ്രീ.അനിൽകുമാർ

മേൽ പ്രവൃത്തിയുടെ എം-ബുക്കിൽ ഇനം 2.003, 2.007 എന്നിവപ്രകാരം ചെയ്ത പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയതിലെ അപാകതമൂലം തുക അധികം ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | കണക്കാക്കിയ തുക | കണക്കാക്കേണ്ടിയിരുന്ന തുക | അധികം കണക്കാക്കിയത് |
|---|---|---|---|---|
| Item No.2.003 (Od8018/2018_2019 Stone Masonry In Cement Mortar For Substructure- Up To 5 M Height Random Rubble Masonry In Cement Mortar(1:6)) - | 13.63 $M^3$ (M-Book Page No.13) | 13.95*5500=76725 (M-Book Page No.29) | 13.63*5500=74965/- | 1760 |
| Tem No.2.007 (Od55453/2018-19 Earth Filling With Contractors Own Earth In Open Area In Layers Not Exceeding 20 Cm In Depth..........) | 65.128 $M^3$ (M-Book Page No.14) | 69.32*350=24262/- (M-Book Page No.31) | 65.128*350=22794/- | 1467.20 |
| | | | ആകെ അധികം നൽകിയത് | 3227/- |

അധികം നൽകിയ തുക കോൺട്രാക്ടറിൽ നിന്നും ഈടാക്കി അടവാക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

ii) കോരപ്പറമ്പ്- ചുട്ടിയാംകോണം തടം കോൺക്രീറ്റ്- 1129/- രൂപ അധികം നൽകി

പ്രോജക്ട് നം. - 82/20(കോരപ്പറമ്പ്- ചുട്ടിയാംകോണം തടം കോൺക്രീറ്റ് )

അടങ്കൽ - 2,00,000/-

ചെലവ് - 172035/- (ബിൽ നം. 49/13.03.20)

കരാറുകാരൻ - ശ്രീ.മോനിച്ചൻ

കോരപ്പറമ്പ്- ചുട്ടിയാംകോണം തടം കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ എം-ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 153603/- രൂപയാണ്. എന്നാൽ ഇത് 152595.30/- ആയി ക്രമീകരിച്ചാണ് പ്രവൃത്തിമൂല്യം അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ ബില്ല് തയ്യാറാക്കാൻ ആകെ പ്രവൃത്തി മൂല്യം 153603/- എന്ന് കണക്കാക്കിയതിനാൽ തുക അധികം ചെലവഴിച്ചിട്ടുണ്ട്.

| ബില്ല് കണക്കാക്കിയത് | കണക്കാക്കേണ്ടിയിരുന്നത് |
|---|---|

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം - 153603<br>(+) 12% GST - 18432<br>- 172035<br>(-) 4% നികുതി(IT&KCWWF,GST) - 6144/-<br>(-) -15<br>കരാറുകാരന് നൽകിയ തുക- 165876 | ആകെ പ്രവൃത്തി മൂല്യം - 152595<br>(+) 12% GST - 18311<br>- 170906<br>(-) 4% നികുതി(IT&KCWWF,GST) - 6144/-<br>(-) -15<br>കരാറുകാരന് നകേണ്ട തുക- 164747 |

അധികം നൽകിയ തുക - 165876 - 164747= 1129/- രൂപ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ബിൽ പാസ്സിംഗ് പിഴവുമൂലം 152595.30/- രൂപ ലിമിറ്റ് ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും പ്രവൃത്തിയുടെ യഥാർത്ഥ ബിൽതുക 153602.82/- ആണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.15). എന്നാൽ പിഴവ് പരിഹരിച്ച് ഫയൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തി കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കരാറുടമ്പടി ചമച്ചില്ലായെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി ചമച്ചില്ലായെങ്കിൽ PAC-യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കേണ്ടതും, പിഴയോടുകൂടിയ 10 ദിവസം കഴിഞ്ഞും കരാറുടമ്പടി വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതുമാണ്. എന്നാൽ നിശ്ചിതസമയത്തിനുള്ളിൽ കരാറുറപ്പിക്കാത്ത ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കാതെ പ്രവൃത്തി നിർവ്വഹണം നടത്താൻ അനുവദിക്കുകയാണുണ്ടായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ കരാറുകാരൻ/ അടങ്കൽ | എഗ്രീഡ് പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | പിഴകൂടാതെ കരാറിലേർപ്പെടേണ്ട തീയതി | കരാറിലേർപ്പെട്ട തീയതി | കാലതാമസം | പിഴ തുക (PAC യുടെ 1%) |
|---|---|---|---|---|---|---|
| 166/20(കണിയാംകുഴി റോഡ് സൈഡ്വാൾ & റീടാറിംഗ്)<br>കരാറുകാരൻ- ശ്രീ.അനിൽകുമാർ.ആർ<br>അടങ്കൽ- 6,00,000<br>ബിൽ നം.- | 497784.40/- | 9.8.18 | 23.08.18 | 30.08.18 | 8 ദിവസം | 4978 |

| | | | | | | |
|---|---|---|---|---|---|---|
| 6/07.05.19-479757/-<br>എം-ബുക്ക് നം.-626/18-19 | | | | | | |
| 167/20 (ആനന്ദേശ്വരം-അണിയിലക്കടവ് റോഡ് റീടാറിംഗ്)<br>കരാറുകാരൻ-ശ്രീ.റ്റി.ജി.പ്രതാപ്<br>അടങ്കൽ- 20,00,000<br>ബിൽ നം.- 7/7.5.19<br>എം-ബുക്ക് നം.-621/18-19 | 1718609/- | 22.10.18 | 5.11.18 | 19.11.18 | 14 ദിവസം | 17187 |
| 168/20 (ബൌണ്ടർമുക്ക്-മൂന്നാറ്റ്മുക്ക് റോഡ് റീടാറിംഗ്)<br>കരാറുകാരൻ-ശ്രീ.അനിൽകുമാർ<br>അടങ്കൽ- 6,00,000/-<br>ബിൽ നം.-10/03.05.19<br>എം-ബുക്ക് നം. -338/18-19 | 498882.82/- | 9.08.18 | 23.08.18 | 30.08.18 | 7 ദിവസം | 4989 |

കരാറിലേർപ്പെടാനുള്ള സമയപരിധി പതിനാല് പ്രവൃത്തിദിനമായി പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്നുള്ള നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. യഥാസമയം കരാറിലേർപ്പെടാത്തകരാറുകാറിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

## 1-24 സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യൂഡി/ 01.02.2012) പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന്, ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കകം അപേക്ഷിക്കാത്തപക്ഷം കരാർ ദുർബ്ബലപ്പെട്ടതാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാർ ദീർഘീകരണത്തിന് അപേക്ഷസമർപ്പിക്കുകയോ, കരറുകാരൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിവരം | കരാറില് ഏർപ്പെട്ട് സ്ഥലം | പൂർത്തീകരണ കാലാവധി | കരാർ പ്രകാരം പണി | പണിപൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|

| | | കൈമാറിയ തീയതി | | പൂർത്തീകരിക്കേണ്ട തീയതി | | |
|---|---|---|---|---|---|---|
| 1 | 176/20 (മുത്താരമ്മൻ ക്ഷേത്രം-മുത്തിക്കാവ് റോഡ്) കരാറുകാരൻ-ശ്രീ.റ്റി.ജി.പ്രതാപ് ബിൽ നം.-13/12.6.19 പി.എ.സി- 499992.53 | 27.02.2018 | 6 Months | 27.08.2018 | 14.03.2019 | 15000/- (499992.53*3%) |
| 2 | 169/20 (ലൂഥർഗിരി കവിയോട് റോഡ് റീടാറിംഗ്) കരാറുകാരൻ-ശ്രീ.അനിൽകുമാർ.ആർ ബിൽ നം.-5/7.5.19 പി.എ.സി- 214774.79/- | 30.08.2018 | 120 Days | 28.12.2018 | 25.03.2019 | 2148/- (214774.79*1%) |
| 3 | 166/20 (കണിയാംകുഴി റോഡ് സൈഡ് വാൾ & റീടാറിംഗ്) കരാറുകാരൻ-ശ്രീ.അനിൽകുമാർ.ആർ ബിൽ നം.-6/7.5.19 പി.എ.സി- 581798 | 30.08.2018 | 120 Days | 28.12.2018 | 25.03.2019 | 5818/- (581798*1%) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ക്രമ നം.1 ലെ പിഴത്തുക ഈടാക്കി അടവാക്കാമെന്നും, ക്രമ നം.2, 3 എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസമുണ്ടായത് ടാർയഥാസമയം ലഭ്യമാകാത്തതിനാലാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ പ്രവൃത്തിഫയലിൽ ഇത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കരാറുകാരിൽ നിന്നും പിഴതുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ജില്ലാപഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസിനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്ന 112864/- രൂപ ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് മുഖേന ജില്ലാപഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. 2019-20 വർഷം ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമുഖേന തുക ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.4). ഈ ഇനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക കണക്കാക്കി ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | യിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (*1) | 133691 | 1942824 | 2076515 | 2012510 | 64005 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (*2) | 0 | 56679910 | 56679910 | 56679910 | 0 |

(*1)- ക്യാഷ്ബുക്ക് പ്രകാരം വരവ് -1941824/- രൂപയും, ചെലവ് 1932660/- രൂപയുമാണ്.

(*2)- ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്/ചെലവ് 56845816/- രൂപയാണ്.

## 1 -27 ഒഴിവാക്കലിന്റെ പരിധിയിൽ വരാത്ത കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി

സ.ഉ (എം.എസ്)നം.144/15/ത.സ്വ.ഭ.വ. തീയതി 27.04.2015 പ്രകാരം 60 ച.മീ. ( 660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്കാണ് 2015-'16 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ചുവടെ വിവരിക്കുന്ന 60 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി കൊടുത്തിട്ടുണ്ട്. ഇത് ക്രമവിരുദ്ധമാണ്.

| പേര് | വിസ്തീർണ്ണം (ച.മീ ) | സ്ഥലം | തീയതി |
|---|---|---|---|
| സുനിത ബി, കുഞ്ഞു വീട് | 65.34 | ഇഞ്ചപുരി | 06.07.2020 |
| സുനീഷ, അമൻ നവാസ് | 60.28 | പള്ളിവേട്ട | 23.01.2021 |
| സജീല എൻ എം, അസ്ലം മൻസിൽ | 62.56 | കാനക്കുഴി | 01.02.2020 |
| തങ്കയ്യൻ പി, കൊരണ്ടി വിള | 62.40 | ചൂഴ | 17.07.2020 |
| ഷിബി കുമാർ, കമുകറ കോണത്ത് വീട് | 60.30 | കോട്ടയ്ക്കകം | 04.03.2020 |
| സുരേന്ദ്രൻ ജി, പ്രകാശ് ഭവൻ, | 96.50 | വലിയ കലുങ്ക് | 30.08.2019 |
| സുബ്രഹ്മണ്യം ചെട്ടിയാർ, റോഡരികത്ത് വീട് | 61 | പറണ്ടോട് | 02.11.2019 |
| ഉഷ.എസ്, അല്ലിനിയോട് | 62.05 | കീഴ്പാലൂർ | 05.07.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഈ കെട്ടിടങ്ങളെക്കൂടി വസ്തു നികുതി നിർണ്ണയത്തിന്റെ പരിധിയിൽപ്പെടുത്തേണ്ടതാണ്.

## 1-28 വാടക ഒടുക്കിയിട്ടില്ല.

പരിശോധനയ്ക്ക് നൽകിയ വാടക രജിസ്റ്റർ പ്രകാരം ചുവടെ വിവരിക്കുന്ന വ്യക്തികൾ വാടക ഒടുക്കിയിട്ടില്ല.

| | പേര്, വിലാസം | കിട്ടേണ്ട വാടക തുക |
|---|---|---|
| 1 | ദിനേശൻ, കിഴക്കുംകര പുത്തൻവീട്, കണിയാംകുഴി, ആര്യനാട് | 15,500/- + 2790 (ജി. എസ്. ടി) |
| 2 | അനിതകുമാരി, അഞ്ജനം, ഇറവൂർ | 3000 + 540 (ജി. എസ്. ടി) |
| 3 | ആരിഫാ ബീവി, ഷാമിലാ മൻസിൽ, കട്ടറക്കോണം, പുളിമൂട് | 6500 + 1170 (ജി.എസ്.ടി.) |
| 4 | ലിസ്റ്റൺ രാജ്, അഖിൽ ഭവൻ, കൊറണ്ടി വിള | 4000/- |
| 5 | ലിജി എ.എൽ, വാറ്റുകാട് കോളനി, ഐത്തി.പറങ്ങോട് | 1150/- |
| 6 | ഷാഹിദ്, ഫയാസ് മൻസിൽ, ചാങ്ങ പി.ഒ | 1200 + 216 |
| 7 | സുധീർ, ഷാമിലാ മൻസിൽ, കട്ടറക്കോണം, പുളിമൂട് | 1150 + 207 |
| 8 | വിനോദ് എസ്, കാലായിൽ വീട്, പരുത്തിപ്പള്ളി | 1200 + 216 |

| | | |
|---|---|---|
| 9 | ഹൈഡ്രോസ്, അസീം മൻസിൽ, പള്ളിവേട്ട | 1150 +207 |
| 10 | അജിൽ കുമാർ,വാറുകാട് കോളനി | 1200 |

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (07/15.07.2021) മറുപടിയായി ലേലം ഉറപ്പിച്ചവർ നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഇവർക്കെതിരെ പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ക്യാഷ് ബാലൻസ്

ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021 തീയ്യതിയിൽ രാവിലെ 10.30 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 8114/-രൂപയുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-30 ആട് വളർത്തൽ പദ്ധതി (വനിതകൾ) – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പദ്ധതി നമ്പർ-21/2020

പദ്ധതിയുടെ പേര് - ആട് വളർത്തൽ (വനിതകൾ)

അടങ്കൽ തുക – 8,00,000/-

ചെലവ് തുക – 96,000/-

ആട് വളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾ കരാറിലെ വ്യവസ്ഥകൾ പ്രകാരം മൂന്ന് വർഷത്തേക്ക് ആടിനെ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടില്ല. എന്നാൽ പ്രസ്തുത വ്യവസ്ഥ പാലിച്ചിട്ടില്ല. ആട് വളർത്തൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുത്ത താഴെ പറയുന്ന ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടതിൽ അവരാരും തന്നെ നിലവിൽ ആടിനെ വളർത്തുകയോ പരിപാലിക്കുകയോ ചെയ്യുന്നില്ല എന്ന് വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാരദ സി, എലിക്കോണത്ത് തോട്ടരികത്ത് പുത്തൻവീട്, വിനോബാ നികേതൻ

2. ബിന്ദുമോൾ, വിജയാദവൻ, നടുവിള, കളത്താൻചിറ, ആര്യനാട്

3. അംബിക ബി, ജോതിഷ് ഭവൻ, ഈഞ്ചപുരി. കൊക്കോട്ടേല

പഞ്ചായത്തിലെ ക്ഷീര സമ്പത്തിന്റെ വർദ്ധന ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതി ഫലപ്രാപ്തി നേടിയില്ല എന്ന് വിലയിരുത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം പദ്ധതിയുടെ ഗുണം അർഹരായവർക്ക് തന്നെ ലഭിച്ചുവെന്നും തുടർ പ്രവർത്തനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ വീക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ടെണ്ടർകുറവ് ഈടാക്കാതെ കരാറുകാരന് തുക നൽകി- 29052/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. - 153/20 (കുഴിവിള റോഡ്കോൺക്രീറ്റിംഗ്)

അടങ്കൽ - 2,00,000/-

ചെലവ് - 1,84,121/- (ബിൽ നം. 12/12.06.2019)

കരാറുകാരൻ - ശ്രീ.മെഹബിൻ സൈഫ്.ജെ.എം

എം-ബുക്ക് നം - 688/18-19

പ്രവൃത്തിക്ക് ടെണ്ടർക്ഷണിച്ചതിൽ എസ്റ്റിമേറ്റിന്റെ 16.1% Below നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് കരാറുറപ്പിച്ചുനൽകിയിട്ടുണ്ട്. എന്നാൽ എം-ബുക്ക് പരിശോധിച്ചതിൽ ടെണ്ടർകുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

<u>കരാറുകാരന് നൽകിയ തുക</u>

ആകെ പ്രവൃത്തി മൂല്യം(എം-ബുക്ക് പ്രകാരം) - 184121/-

(-) 2% നികുതി(IT&KCWWF) - 3682/-

കരാറുകാരന് നൽകിയ തുക - 180439/-

<u>നൽകേണ്ടിയിരുന്ന തുക</u>

ആകെ പ്രവൃത്തി മൂല്യം - 184121/-

(-) 16% ടെണ്ടർ കുറവ് - 29644/-

- 154477/-

(-) 2% നികുതി(IT&KCWWF) - 3090/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക - 151387/-

അധികം നൽകിയതുക - 29052/-രൂപ (180439 - 151387)

അധികം ചെലവഴിച്ച 29052/-രൂപ നിരാകരിക്കുന്നു. തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (നം. 4) . തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 20859322 |
| ഓഡിറ്റ് വർഷത്തെ വരവ് | 184433070 |
| ആകെ | 205292392 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 163612266 |
| നീക്കിയിരിപ്പ് | 41680126 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29052 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 729307 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | സ്നേഹസ്പർശനം | 329000 | 329000 | 0 |
| | | ക്ഷീരസമൃതി | 100000 | 100000 | 0 |
| | | ലൈഫ് ഭവനം | 2400000 | 2400000 | 0 |
| | | ലൈഫ് ഭവനം(SO) | 1250882* | 1250882 | 0 |
| | | ഹരിതകർമ്മസേന | | 420000** | 0 |
| ആകെ | | | 2829000 | 4499882 | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 3168518 | 2829000 | 5997518/- | 4499882 | 1497636/- | |
| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | സ്നേഹസ്പർശനം | 349125 | 315000 | 34125 |
| | | ക്ഷീരസമൃതി | 600000 | 600000 | 0 |
| | | ലൈഫ് ഭവനം | 2197094 | 2197094 | 0 |
| | | ലൈഫ് ഭവനം (SCP) | 1005920 | 960000 | 45920 |
| | | ലൈഫ് ഭവനം(SO) | | 109607 | 0 |
| | | ആകെ | 4152139 | 4181701 | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 1217319 | 4152139 | 5369458 | 4181701 | 1187757 | |

1. * സ്പിൽ ഓവർ പ്രോജക്റ്റ് തുകയാണ്.ആകെ വരവ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ** ഹരിതകർമ്മ സേനയ്ക്ക് ചെലവഴിച്ച തുക വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം തുകകളൊന്നും നൽകിയിട്ടില്ല.

ഖണ്ഡിക 1-2 ലെ വാർഷിക ധനകാര്യപത്രിക ക്രമ നം.2 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 36860000/-രൂപ KURDFC ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt)275/2010/Lsgd/ 27.10.2010 | 19468500 | 1946850 | 1946850 | -- |
| KURDFC | GO (Ms) 68/2018/Lsgd/ 18.05.2018 | 62100007 | 25240007 | 6661765 | 55438242* |

* ലോൺ നീക്കിയിരിപ്പ് സംബന്ധിച്ച അപാകത ഖണ്ഡിക 1-2 ലെ അപാകതകൾ 1 ആയി പരാമർശിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാര്ജ് ചെയ്യാവുന്നവ | |
| 3-1 | | 29052 | ശ്രീ.കെ.എൻ.സന്തോഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 600000 | ശ്രീമതി ജയന്തി.എസ്, സെക്രട്ടറി |
| 1-15 | 129307 | ശ്രീ.സുധീരൻ.എം.എസ്, സെക്രട്ടറി |
| ആകെ | 729307 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ.കെ.എൻ.സന്തോഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീവൽസം, തുറുവേലി, പനവൂർ.പി.ഒ, നെടുമങ്ങാട് |
| ശ്രീമതി ജയന്തി.എസ്, സെക്രട്ടറി | അനാമിക, ഗ്രീൻവാലി, ജി.വി.ആർ.എ.എ22, വഴയില, കരകുളം |
| ശ്രീ.സുധീരൻ.എം.എസ്, സെക്രട്ടറി | മൈഥിലി ഭവൻ, KOURA-294D, ചിറ്റാറ്റിൻകര, വട്ടിയൂർക്കാവ്.പി.ഒ-695013 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 1999-2000 | KSATVM/GP5/1177/18 Dt.16.6.2018 | 1 | |
| 2008-09 | KSATVM/GP5/1177/18 Dt.16.6.2018 | 4 | |
| 2009-10 | KSATVM/GP5/1177/18 Dt.16.6.2018 | 2 | |
| 2012-13 | KSATVM/GP5/1177/18 | 7 | |

| | | | |
|---|---|---|---|
| | Dt.16.6.2018 | | |
| 2013-14 | KSATVM/GP5/1177/18<br>Dt.16.6.2018 | | |
| 2014-15 | KSATVM/GP5/1177/18<br>Dt.16.6.2018 | 11 | |
| 2015-16 | KSATVM/GP5/1177/18<br>Dt.09.12.2018 | 17 | |
| 2016-17 | KSATVM/GP5/2030/18<br>Dt.19.10.2017 | 2 | |
| 2017-18 | KSATVM/GP5/2007/18<br>Dt.. 05.2018 | 28 | |
| 2018-19 | KSATVM/GP5/1862/19 Dt.25.06.2020 | 34 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്